"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2008-09 സാമ്പത്തിക വർഷം പ്രോജക്ട് നം. 111/08-09 പ്രകാരം ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "കറവ മാട്ടുകൾക്ക് വേനൽക്കാല സംരക്ഷണം" എന്ന പദ്ധതി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.728/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-

1. 11/07/2008 തീയതിയിലെ ജി.ഒ (എം.എസ്.) നം. 199/08/തസ്വഭവ നമ്പർ ഉത്തരവ്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2024 ലെ LSGD/PD/32083/2024-AM3 നമ്പർ കത്ത്

**ഉത്തരവ്**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2008-09 സാമ്പത്തിക വർഷം പ്രോജക്ട് നം 111/08-09 പ്രകാരം ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "കറവ മാട്ടുകൾക്ക് വേനൽക്കാല സംരക്ഷണം" എന്ന പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി എന്ന കാരണത്താൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6(A) പ്രകാരം 3,71,062/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുപത്തി രണ്ട് രൂപ മാത്രം) തടസ്സപ്പെടുത്തുകയുണ്ടായി. അതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

2. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6(A) പ്രകാരം പരാമർശം(1) ഉത്തരവിൽ മൃഗസംരക്ഷണ വിഭാഗത്തിൽ കറവമാട്ടുകൾക്ക് കാലിത്തീറ്റ നൽകുന്നതിന് നിർദ്ദേശം ഇല്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത വിഭാഗത്തിന് വികസന ഫണ്ടിൽ നിന്നും ധനസഹായം നൽകിയ നടപടി ക്രമപ്രകാരമല്ലെന്നും ആയതിനാൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടായ 3,71,062- രൂപയുടെ (മൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുപത്തി രണ്ട് രൂപ മാത്രം) ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഹാജരാക്കണമെന്ന് പരാമർശിക്കപ്പെടുകയും സാധൂകരണം ലഭ്യമാക്കി ഒഴിവാക്കേണ്ടതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുനരഭിപ്രായകുറിപ്പ് (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6(A)) പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

3. കറവമാട്ടുകളുടെ പ്രധാന തീറ്റയായ പച്ചപ്പുല്ലിന് കടുത്ത ദൗർലഭ്യം നേരിടുന്ന വേനൽക്കാലത്ത് പൂർണ്ണമായും സമീകൃത കാലിത്തീറ്റയെ ആശ്രയിക്കേണ്ടിവരുന്ന കർഷകർക്ക് പാലിൽ നിന്ന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ പണം ഉത്പാദനോപാധികൾക്ക് വേണ്ടി

ചെലവാക്കേണ്ടിവരുന്നു എന്നും ഈ സാഹചര്യത്തിൽ ധാരാളം കർഷകർ കാലിവളർത്തലിൽ നിന്നും പിൻമാറുകയും പാലുൽപാദനം ഗണ്യമായി കുറയുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നും സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണെന്ന ഓഡിറ്റ് വകുപ്പിന്റെ പരാമർശം ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി പരിഗണിച്ചിട്ടുള്ളതും പ്രസ്തുത പരാമർശത്തിന് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്ത് തീരുമാനിച്ചിട്ടുള്ളതുമാണ് എന്നും അതിനാൽ പ്രസ്തുത പദ്ധതി സാധൂകരിച്ച് നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 12-ാം പഞ്ചവത്സര പദ്ധതി മുതൽ കാലിത്തീറ്റ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, പ്രസ്തുത പദ്ധതികൊണ്ട് കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നത് പരിഗണിച്ചും, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2008-09 സാമ്പത്തിക വർഷം പ്രോജക്ട് നം. 111/08-09 പ്രകാരം, ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "കറവ മാടുകൾക്ക് വേനൽക്കാല സംരക്ഷണം" എന്ന പദ്ധതി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 20-03-2025 13:29:37
സെക്ഷൻ ഓഫീസർ